# <u>ഉളിയന്നൂരിൽ റൂട്ട് മാർച്ച് നടത്തി</u>

കേരള നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ മുന്നോടിയായി ആലുവ ഉളിയന്നൂർ, കുഞ്ഞുണ്ണിക്കര ഭാഗത്ത് പോലീസും കേന്ദ്ര സേനയും റൂട്ട് മാർച്ച് നടത്തി. ജനങ്ങളിൽ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ബോധവൽക്കരണവും സുരക്ഷിതത്വ ബോധവും വളർത്തുകയും അതിലൂടെ കൂടുതൽ പൊതുജന പങ്കാളിത്തം ഉറപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് റൂട്ട് മാർച്ച് നടത്തിയതെന്ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് പറഞ്ഞു. റൂട്ട് മാർച്ചിൽ ഇരു വിഭാഗങ്ങളിലും നിന്നായി എഴുപത്തഞ്ചോളം സേനാംഗങ്ങൾ പങ്കെടുത്തു. എസ്.ഐ മാരായ ആർ.വിനോദ്, വിപിൻചന്ദ്രൻ, പി.സുരേഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു മാർച്ച്.